


മാവേലിക്കര ബിഷപ്മൂർ കോളജ് അലുമ്നൈ ദശവാർഷികത്തോടനുബന്ധിച്ച് നടത്തിയ സ്റ്റേജ്ഷോ പ്രിൻസിപ്പൽ ഡോ. മാത്യു കോശി പുന്നയ്ക്കാട് ഉദ്ഘാടനം ചെയ്യുന്നു. പോൾ ജോർജ് പൂവത്തേരിൽ, റോജിൻ പൈനുംമൂട്, എം. മുരളി എംഎൽഎ, പ്രഫ. വി. സി. ജോൺ, മോൻസി ജോൺ, കാർത്തികേയൻ നായർ, ഷിനോയ് സോമൻ, എം. രാധാകൃഷ്ണൻ എന്നിവർ സമീപം.

# 'ചായങ്ങൾ'ക്ക് നിറംപകർന്ന് തലമുറകളുടെ സംഗമം

ദുബായ്: ചിതറിയ ഓർമകളുമായി പലവഴി പിരിഞ്ഞ പൂർവവിദ്യാർഥികളും അധ്യാപകരുമെല്ലാം ചായങ്ങൾക്കു നിറംപകരാൻ എത്തിയപ്പോൾ അത് ആനന്ദത്തിന്റെയും ഗൃഹാതുരത്വത്തിന്റെയും സംഗമവേദിയായി. മാവേലിക്കര ബിഷപ്പ് മൂർ കോളജ് പൂർവവിദ്യാർഥി സംഘടനയുടെ ദശവാർഷികത്തോടനുബന്ധിച്ച് ഒരുക്കിയ ചായങ്ങൾ സ്റ്റേജ് ഷോയ്ക്ക് മക്കളുടെയും കൊച്ചുമക്കളുടെയും തലമുറയും സാക്ഷ്യംവഹിച്ചു.

പൂർവവിദ്യാർഥിയും പരിസ്ഥിതി പ്രവർത്തകനുമായ കോളജ് പ്രിൻസിപ്പൽ ഡോ. മാത്യു കോശി പുന്നയ്ക്കാട് ഉദ്ഘാടനം നിർവഹിച്ചു. മുഖ്യാതിഥിയായി എത്തിയത് മറ്റൊരു പൂർവവിദ്യാർഥിയായ നിയമസഭാംഗം എം. മുരളി. കലാലയകാല സ്മരണകൾ പങ്കുവച്ച ഇരുവരും ജീവിതവഴിയിൽ കോളജും അധ്യാപകരും വഹിച്ച സ്വാധീനം ചൂണ്ടിക്കാട്ടി.

പ്രസിഡന്റ് മോൻസി ജോൺ അധ്യക്ഷത വഹിച്ചു. മുൻ വൈസ് പ്രിൻസിപ്പൽ പ്രഫ. വി. സി. ജോൺ, അക്കാഫ് പ്രസിഡന്റ് എം. രാധാകൃഷ്ണൻ, പോൾ ജോർജ് പൂവത്തേരിൽ, കാർത്തികേയൻ നായർ, ഷിനോയ് സോമൻ, റോജിൻ പൈനുംമൂട് എന്നിവർ പ്രസംഗിച്ചു.

നാലു പതിറ്റാണ്ട് മുമ്പ് പഠിച്ചവർക്കും അവരുടെ കൊച്ചുമക്കൾക്കും ഹരംപകരുന്നതിനായി പഴയതും പുതിയതുമായ ഹിറ്റ് ഗാനങ്ങളുമായി സുദീപ്കുമാർ, അനൂപ്, സിസിലി, അനുപമ എന്നിവരെത്തി. ചിരിയരങ്ങൊരുക്കി മനോജ് ഗിന്നസും പ്രശാന്തും. മറ്റു കലാപരിപാടികളുമുണ്ടായിരുന്നു. 1964ൽ സ്ഥാപിതമായ കോളജിന്റെ വിവിധ കാലഘട്ടങ്ങളുടെ ദൃശ്യാവിഷ്കാരവുമുണ്ടായിരുന്നു.

കൺട്രി ക്ലബ്–ബിഎംസി ട്രോഫിക്കായി നടത്തിയ ട്വന്റി20 ക്രിക്കറ്റ് ടൂർണമെന്റിലെ വിജയികൾക്കും മികച്ച താരങ്ങൾക്കും എം. മുരളി എംഎൽഎ ട്രോഫികൾ സമ്മാനിച്ചു. സ്മരണികയുടെ ആദ്യ പ്രതിയും ഏറ്റുവാങ്ങി.

മലയാള മനോരമ

2010 ജൂൺ 13 ഞായർ